എം 2/ 13757/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം., തീയതി: 27.08.2020
ഫോൺ: 0471-2580595; supdtm.dge@kerala.gov.in

# വിജ്ഞാപനം

സ്വാശ്രയ മേഖലയിലെ "ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ" (ഡി.എൽ.എഡ്.- **D.El.Ed.**) കോഴ്സിന് 2020 - 2022 അദ്ധ്യയന വർഷത്തേക്ക്, താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ജി.ഒ. (എം.എസ്.) നം: 291/2004/പൊ.വി.വ., തീയതി: 14.04.2004 പ്രകാരം സ്വാശ്രയ മേഖലയിലെ ടീച്ചർ ട്രെയിനിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിലവിലുള്ള "ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ" (ഡി.എഡ്) കോഴ്സിന്റെ പേര് "ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ" (ഡി.എൽ.എഡ്) എന്നു മാറ്റി പുനർനാമകരണം ചെയ്യുകയും എൽ.പി./യു.പി. അദ്ധ്യാപക വിദ്യാഭ്യാസ ത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2018 - 2019 അദ്ധ്യയന വർഷം മുതൽ സ.ഉ (സാധാ) നം. 1700/2018/പൊ.വി.വ., തീയതി: 05.05.2018 പ്രകാരം പരിഷ്കരിച്ചും ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നാല് സെമസ്റ്ററുകളിലായി രണ്ടു വർഷമാണ് കോഴ്സിന്റെ കാലാവധി.

## തെരഞ്ഞെടുപ്പ് രീതി

ഓരോ മീഡിയത്തിനും അനുവദിക്കപ്പെട്ട 50 സീറ്റിൽ 50% ഓപ്പൺ മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയുമായിരിക്കും.

## ഫീസ് ഘടന

1. അഡ്മിഷൻ ഫീസ് - 100
2. ട്യൂഷൻ ഫീസ് - 1,480 (പ്രതിമാസം)
3. ഡെവലപ്പ്മെന്റ് ഫീസ് - 10,000 (പ്രതിവർഷം)
4. അപേക്ഷാ ഫീസ് - 100

അഡ്മിഷൻ ഫീസ് അഡ്മിഷൻ സമയത്തും ഡെവലപ്പ്മെന്റ് ഫീസ് 1, 3 സെമസ്റ്ററുകളുടെ ആരംഭത്തിലും അടയ്ക്കേണ്ടതാണ്.

## യോഗ്യതകൾ :

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ
2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷ.
3. ആകെയുള്ള സീറ്റുകളിൽ സയൻസ് വിഭാഗത്തിന് 40 ശതമാനം, ഹ്യൂമാനിറ്റീസ് വിഭാഗത്തിന് 40 ശതമാനം, കോമേഴ്സ് വിഭാഗത്തിന് 20 ശതമാനം എന്നിങ്ങനെ നിജപ്പെടുത്തിരിക്കുന്നു.